(ബി) അൺ എയ്ഡഡ് മേഖലയിൽ വി.എച്ച്.എസ്.ഇ. സ്കൂളുകൾ തുടങ്ങാൻ ഉദ്ദേശമുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം ജില്ലകളിൽ എത്ര വീതമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സഹായം ലഭിക്കുന്ന മുറയ്ക്ക് പുതിയ വി.എച്ച്.എസ്.ഇ. കോഴ്സുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി ആന്റ് സി) നിർദ്ദേശം പരിഗണനയിലില്ല.

സർക്കാർ കോളേജുകളിൽ പ്രിൻസിപ്പൽമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ നടപടി

116 [1526] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകളിൽ പ്രിൻസിപ്പൽമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പുതിയ മാനദണ്ഡം അനുസരിച്ച് എയ്ഡഡ് കോളേജുകളിലെ റീഡർമാർക്ക് സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽ തസ്തികയിലേക്ക് അപേക്ഷിക്കാൻ അർഹതയുണ്ടോ;

(സി) സീനിയോറിറ്റി എന്ന മാനദണ്ഡം ഇല്ലാതാക്കുമ്പോൾ പ്രിൻസിപ്പൽ നിയമനത്തിൽ നിലവിലുള്ള സംവരണ മാനദണ്ഡം ഇല്ലാതാകുന്നത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) യു.ജി.സി. നിബന്ധനപ്രകാരം റീഡർ തസ്തികയിൽ ഉള്ളവരെ മാത്രം പ്രിൻസിപ്പൽ ആയി നിയമിക്കുന്ന രീതിയിൽ സ്പെഷ്യൽ റൂളിൽ മാറ്റങ്ങൾ വരുത്താനുള്ള നിർദ്ദേശമുണ്ട്.

(ബി) ഉണ്ടായിരിക്കുകയില്ല.

(സി) പ്രിൻസിപ്പൽ നിയമനത്തിന് നിലവിൽ സംവരണമില്ല.

LIBRARY ARCHIVES Kerala Legislative Assembly